## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5514 25.10.2011 ൽ മറുപടിക്ക്

## മലപ്പുറം ജില്ലാതല അവലോകന യോഗ തീരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉബൈദുള്ള | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മലപ്പുറം ജില്ലാതല അവലോകനയോഗ തീരുമാനപ്രകാരം മലപ്പുറം മണ്ഡലത്തിൽ ഏതെല്ലാം പി. ഡബ്ള്യു.ഡി വർക്കുകളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ)(1) മഞ്ചേരി- പൂക്കോട്ടൂർ റോഡ് കി.മീ.0/00 മുതൽ 8/100 വരെയുള്ള പ്രവൃത്തിക്ക് 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>(2) പൂക്കോട്ടൂർ-ഖിലാഫത്ത് - മൈലാടി റോഡ് കി.മീ.0/00 മുതൽ 2/600 വരെയുള്ള പ്രവൃത്തിക്ക് 47 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പ്രസ്തുത റോഡുകളുടെ പ്രവൃത്തിക്കുവേണ്ട സാങ്കേതികാനുമതിക്കു വേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മലപ്പുറം ജില്ലാതല അവലോകന യോഗ തീരുമാന പ്രകാരം മലപ്പുറം മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗം താഴെ പറയുന്ന വർക്കുകളാണ് നടപ്പിലാക്കിയത്.<br>1. മുണ്ടുപറമ്പ് എൻ.ജി.ഒ. ക്വാർട്ടേഴ്സിന്റെ നിർമ്മാണം<br>2. മലപ്പുറം സിവിൽ സ്റ്റേഷൻ ബി 3 ബ്ലോക്കിന്റെ നിർമ്മാണം.<br>3. മലപ്പുറം എം.എസ്‌പി. ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിടനിർമ്മാണം. |

| | |
|---|---|
| (ബി) ഓരോ പ്രവർത്തിയുടെയും നാളിതുവരെയുള്ള പുരോഗതികൾ വിശദീകരിക്കാമോ ? | (ബി) മലപ്പുറം മണ്ഡലത്തിലുള്ള എല്ലാ പൊതുമരാമത്ത് വകുപ്പ് റോഡുകളും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>എൻ.ജി.ഒ. ക്വാർട്ടേഴ്സ്, മുണ്ടുപറമ്പ്, മലപ്പുറം സിവിൽ സ്റ്റേഷൻ ബി 3 ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തിയായി. മലപ്പുറം എം.എസ്പി. ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണം 30% പൂർത്തിയായി. |

സെക്ഷൻ ഓഫീസർ